# INDIAN SCHOOL AL WADI AL KABIR

## MID TERM EXAMINATION 2022- 23

## CLASS IX, MALAYALAM

## മലയാളം

**Time Allowed: 3 Hours** **Maximum Marks: 80**

അനുവദിച്ച സമയം : 3 മണിക്കൂർ ആകെ മാർക്ക് : **80**

**Date: 27-09-2022**

---

- Please check that this question paper contains 9 printed pages.
- Please check that this question paper contains 8 questions.
- This question paper is divided into **two** sections: Section A - Reading Comprehension, Vocabulary Building & M.C.Q – 40 Marks
  Section B - Grammar, Composition, Literature (Prose, Poetry & Non-detailed) - 40 Marks.
- **Please write down the Serial Number of the question before attempting it.**

---

## SECTION – A / എ വിഭാഗം

**1. താഴെ കൊടുത്തിരിക്കുന്ന കവിത വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിനു മാത്രം ശരിയുത്തരം എടുത്തെഴുതുക.**

**( ഓരോന്നിനും 1 മാർക്ക് വീതം )** **(8x1=8)**

"ഒരു വട്ടം കൂടിയെന്നോർമ്മകൾ മേയുന്ന
തിരുമുറ്റത്തെത്തുവാൻ മോഹം!
തിരുമുറ്റത്തൊരു കോണിൽ നിൽക്കുന്നൊരാ നെല്ലി-
മരമൊന്നുലുത്തുവാൻ മോഹം!
അടരുന്ന കായ്മണികൾ പൊഴിയുമ്പോൾ ചെന്നെടു-
ത്തതിലൊന്നു തിന്നുവാൻ മോഹം!
സുഖമെഴും കയ്പ്പും പുളിപ്പും മധുരവും
നുകരുവാനിപ്പൊഴും മോഹം!
തൊടിയിലെക്കിണർവെള്ളം കോരിക്കുടി'ച്ചെന്തു
മധുരം!' എന്നോതുവാൻ മോഹം!

ഒരുവട്ടം കൂടിയാപ്പുഴയുടെ തീരത്തു
വെറുതേയിരിക്കുവാൻ മോഹം!
വെറുതേയിരുന്നൊരാക്കുയിലിന്റെ പാട്ടു കേ-
ട്ടെതിർപാട്ടു പാടുവാൻ മോഹം!
അതു കേൾക്കെയുച്ചത്തിൽ കൂകും കുയിലിന്റെ
ശ്രുതി പിൻതുടരുവാൻ മോഹം!
ഒടുവിൽ പിണങ്ങിപ്പറന്നുപോം പക്ഷിയോ-
'ടരുതേ'യെന്നോതുവാൻ മോഹം!
വെറുതേയീ മോഹങ്ങളെന്നറിയുമ്പോഴും
വെറുതേ മോഹിക്കുവാൻ മോഹം!"

(a) കവിയുടെ ഓർമ്മകൾ മേയുന്നത് എവിടെയാണ്?
(പുഴക്കരയിൽ, തിരുമുറ്റത്ത്, മാന്തോപ്പിൽ, തറവാട്ടിൽ)

(b) "മരമൊന്നുലുത്തുവാൻ മോഹം" ഏത് മരമാണ് ഇവിടെ സൂചിപ്പിക്കുന്നത്?
(കൊന്നമരം, നെല്ലിമരം, പൂമരം, വാകമരം)

(c) 'കായ്മണികൾ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്?
(ഞാവൽപ്പഴം, പേരയ്ക്ക, പപ്പായ, നെല്ലിയ്ക്ക)

(d) കിണർ വെള്ളം കോരിക്കുടിക്കുമ്പോൾ കവിയ്ക്ക് തോന്നുന്ന രുചിയേത്?
(എരിവ്, മധുരം, പുളി, കയ്പ്പ്)

(e) 'വട്ടം' എന്ന പദം കവിതയിൽ ഉപയോഗിച്ചിരിക്കുന്നത് ഏത് അർത്ഥത്തിലാണ്?
(വൃത്തം, തവണ, പൂജ്യം, കറക്കം)

(f) കവിക്ക് സുഖം നൽകുന്ന രുചികളിൽ ഉൾപ്പെടാത്തത് ഏത്?
(കയ്പ്, പുളിപ്പ്, മധുരം, ചവർപ്പ്)

(g) 'വെറുതെയിരിക്കുവാൻ മോഹം.' എവിടെ?
(കടൽത്തീരത്ത്, വീടിന്റെ ഉമ്മറത്ത്, പുഴയുടെ തീരത്ത്, സ്കൂൾ മൈതാനത്ത്)

(h) ഏത് പാട്ടിന്റെ എതിർപാട്ട് പാടാനാണ് കവി ആഗ്രഹിക്കുന്നത്?
(കുയിലിന്റെ പാട്ട്, സിനിമാപ്പാട്ട്, നാടൻപാട്ട്, തേക്കുപാട്ട്)

(i) ഒടുവിൽ പിണങ്ങിപ്പറന്നുപോകുന്നത് എന്താണ്?
(അണ്ണാൻ, കുയിൽ, തത്ത, കാക്ക)

(j) 'മോഹങ്ങൾ വെറുതെയാണ് എന്നറിയുമ്പോഴും' കവി മോഹിക്കുന്നത് എന്ത്?

(വെറുതെയിരിക്കാൻ, ജോലിചെയ്യാൻ, ഗ്രാമത്തിലെത്താൻ, വെറുതെ മോഹിക്കാൻ)

(k) 'മോഹം' എന്നതിന്റെ പര്യായമായി ഉപയോഗിക്കാനാവാത്ത പദം ഏത്?

(തൃഷ്ണ, അഭിലാഷം, ആശ, നിടിലം)

**2. ഏതെങ്കിലും എട്ടെണ്ണത്തിന് ശരിയുത്തരങ്ങൾ തിരഞ്ഞെടുത്തെഴുതുക. (8x1=8)**

(a) ''മിത്രം' എന്ന വാക്കിന്റെ വിപരീതപദം ഏത്?

(സത്യം, ശത്രു, മാത്രം, സത്രം)

(b) ''മനുഷ്യൻ' എന്ന പദത്തിന്റെ ശരിയായ പര്യായപദം ഏത്?

(നരൻ, വാനരൻ, താതൻ, പുത്രൻ)

(c) 'മല' എന്നർത്ഥം വരാത്ത പദം ഏത്?

(പർവ്വതം, ശൈലം, അചലം, നേത്രം)

(d) 'താമസം' എന്നതിന്റെ നാനാർത്ഥപദം ഏത്?

(വാസം, വചനം, പാദം, താരം)

(e) 'വഴി' എന്ന പദത്തിന്റെ പര്യായപദം അല്ലാത്തതേത്?

(പാത, മാർഗ്ഗം, വീഥി, കണ്ഠം)

(f) 'പ്രഹരം – പ്രകാരം' എന്നീ പദങ്ങളുടെ അർത്ഥവ്യത്യാസം എന്ത്?

(രൂപം - മൂല്യം, അടി - അനുസരിച്ച്, മൂളൽ - പ്രയാസം, അരങ്ങ് - കാഴ്ച)

(g) 'വിധി' എന്നതിന്റെ നാനാർത്ഥപദം അല്ലാത്തതേത്?

(ദൈവകല്പിതം, ഉത്തരവ്, ഇരുട്ട്, നിയമം)

(h) തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക

(പ്രദ്യാശ, പ്രത്യാശ, പ്രധ്യാശ, പ്രദ്ധ്യാശ)

(i) 'വിദ്യാർത്ഥി' എന്ന പദത്തിന്റെ എതിർലിംഗം എന്ത്?

(വിദ്യാർത്ഥിനി, വിദ്യാർത്ഥ, വിദ്യാർത്ഥിക, വിദ്യ)

(j) 'ജലപാതം' എന്നതിന്റെ ശരിയായ വിഗ്രഹരൂപം ഏത്?

(ജലവും പതിക്കലും, ജലമായ പതനം, ജലം പോലെ പതനം, ജലത്തിന്റെ പതനം)

3. **ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തിരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 1 മാർക്ക് വീതം) (4x2=8)**

(a) "നാടകമേ....യുലകം നാളൈ, നടപ്പതേ -
യാരറിവാർ - ഒരു നാടകമേ....യുലകം."

(i) ആരാണ് ഇങ്ങനെ പാടുന്നത്?
(കർത്താർസിങ്, രാംഗോപാൽമിശ്ര, മൈക്കൾ, കാളവണ്ടിക്കാരൻ)

(ii) ലൗകികജീവിതത്തിന്റെ ഏത് അവസ്ഥയാണ് ഇത് സൂചിപ്പിക്കുന്നത്?
(സന്തോഷം, സങ്കടം, അസ്ഥിരത, ഉയർച്ച)

(b) ''മധ്യാഹ്നവും പ്രത്യഹമർധരാത്രം"

(i) മധ്യാഹ്നവും അർധരാത്രിയായി അനുഭവപ്പെടുന്നത് ആർക്ക്?
(ശുഭം പ്രതീക്ഷിക്കുന്നവന്, വിവേകമുള്ളവന്, മനസ്സിൽ നൈരാശ്യമുള്ളവന്, ഈശ്വരഹിതം അനുഷ്ഠിക്കുന്നവന്)

(ii) ഏത് പാഠത്തിലുള്ളതാണ് ഈ വാക്കുകൾ?
(കാളകൾ, വിശ്വം ദീപമയം, രണ്ട് ടാക്സിക്കാർ, വെള്ളച്ചാട്ടത്തിന്റെ ഇടിമുഴക്കം)

(c) "ഗ്രാമവീഥിയിൽ നേരം വെളുക്കെ, ക്കുടം പേറി"

(i) ആരാണ് പോകുന്നത്?
(കന്യകമാർ, കൃഷിക്കാർ, പഥികർ, കുട്ടികൾ)

(ii) എങ്ങോട്ടാണ് പോകുന്നത്?
(കാഞ്ഞിരമരത്തോപ്പിലേക്ക്, ഗ്രാമത്തിലേക്ക്, വയലിലേക്ക്, താമരക്കുളത്തിലേക്ക്)

(d) 'ഒരാളുടെ കർമ്മം ഫലിച്ചില്ലെങ്കിലും കർമ്മത്തിന് പ്രേരിപ്പിക്കുന്ന ഉദ്ദേശ്യം ശുദ്ധമാണെങ്കിൽ അതിന്റെ കർത്താവ് ഈശ്വരദൃഷ്ടിയിൽ സമ്മാനീയനാണ്.'

(i) ആരുടെ ആശയമാണ് ഇത്?
(ഗാവുങ്കറിന്റെ, വണ്ടിക്കാരന്റെ, ഇമ്മാനുവൽ കാന്റിന്റെ, സ്റ്റേഷൻ മാസ്റ്ററുടെ)

(ii) ആരാണ് ഈ ആശയം വരുന്ന ഉദ്ധരണി തെറ്റുകൂടാതെ പറഞ്ഞത്?
(നിത്യചൈതന്യയതി, കർത്താർ സിങ്, രാംഗോപാൽ മിശ്ര, വാഷിംങ്ടൺ)

(e) "ഒരു ഫസ്റ്റ് ക്ലാസ് പാസഞ്ചർ ആണെങ്കിൽ ഫസ്റ്റ് ക്ലാസ് ശ്രദ്ധ വേണം".

(i) ആരുടെ വാക്കുകളാണിത്?

(കാളവണ്ടിക്കാരന്റെ, സ്റ്റേഷൻ മാസ്റ്ററുടെ, ഡേവിഡ് ലിവിങ്സ്റ്റണിന്റെ, പി.ഭാസ്കരന്റെ)

(ii) ഈ വാക്കുകളിൽ തെളിയുന്ന മനോഭാവമെന്ത്?

(വിഷമം, ആഹ്ളാദം, പരിഹാസം, വെറുപ്പ്)

(f) ''അവിടെയെല്ലാം ഒന്ന് ചുറ്റിനടന്നതുകൊണ്ട് വിക്ടോറിയാ വെള്ളച്ചാട്ടത്തിന്റെ 'ഭാഷ' നമുക്ക് ഗ്രഹിക്കുവാൻ കഴിയുമോ എന്ന് സംശയമാണ്."

(i) ആരാണ് ഇങ്ങനെ എഴുതിയിരിക്കുന്നത്?

(സക്കറിയ, ഉള്ളൂർ, എസ്. കെ. പൊറ്റെക്കാട്ട്, നിത്യചൈതന്യയതി)

(ii) 'ഭാഷ' എന്ന പദത്തിന് ഇവിടെ ചേരുന്ന അർത്ഥം എന്ത്?

(രഹസ്യം, ഒഴുക്ക്, പുക, പത)

**4. ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തിരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 1 മാർക്ക് വീതം) (4x4=16)**

(a) ''കരളു നടുങ്ങവേ യിമ്മട്ടാമൊരു രംഗം''

(i) ഏതായിരുന്നു രംഗം?

(ചാട്ടവാറുലയ്ക്കുന്നത്, മൂളിപ്പാട്ട് പാടുന്നത്, വണ്ടിയും തെളിച്ചുകൊണ്ട് പോകുന്നത്, പഴന്തുണി മൂടിയ കട്ടിൽ പേറി മുന്നേറുന്നത്)

(ii) കവി എവിടെയാണ് ആ രംഗം കണ്ടത്?

(പുഴയോരത്ത്, കുന്നിൻമുകളിൽ, ഗ്രാമവീഥിയിൽ, വഴിവക്കിൽ)

(iii) ആരുടെ കരളാണ് നടുങ്ങിയത്?

(കവിയുടെ, കാളവണ്ടിക്കാരന്റെ, വിവേകിയുടെ, ജനങ്ങളുടെ)

(iv) ഏത് കൃതിയിലുള്ളതാണ് ഈ ഭാഗം?

(കല്പശാഖി, ഓർക്കുക വല്ലപ്പോഴും, മരണമെന്ന വാതിലിനപ്പുറം, എണ്ണപ്പാടം)

(b) ''ജീവിതം കയറ്റിയോരുൽക്കടബ്ഭാരം തിങ്ങുമാ വണ്ടി വലിക്കയാണിസ്സാധു നാളിൽ നാളിൽ "

(i) ഇവിടെ സൂചിപ്പിക്കപ്പെടുന്ന സാധു ആരാണ്?

(നിത്യചൈതന്യയതി, വെയിറ്റർ, രാംഗോപാൽ മിശ്ര, വണ്ടിക്കാരൻ)

(ii) 'നെടുനാളക്കാലത്തിൻ കരാളമാം പാതകൾ താണ്ടി'യതുകൊണ്ട് അയാളിൽ എന്തു മാറ്റമാണുണ്ടായത്?

(കാലുകൾ തേഞ്ഞു, ലക്ഷ്യമില്ലാതെ അലഞ്ഞു, കൈക്കുഞ്ഞായി പിറന്നു, തോളുകൾ കുനിഞ്ഞു)

(iii) അയാളുടെ 'കരൾക്കാമ്പിൽ പുണ്ണുകൾ' പടരാൻ കാരണമെന്ത്?

(ട്രെയിൻ നഷ്ടമായതുകൊണ്ട്, പകൽ കൈവിട്ടുപോയതുകൊണ്ട്, മന്നിന്റെ നിലയ്ക്കാത്ത പ്രഹരം സഹിച്ചതുകൊണ്ട്, വിവേകം നഷ്ടപ്പെട്ടതുകൊണ്ട്)

(iv) അയാളുടെ കണ്ണുകളുടെ പ്രത്യേകതയെന്ത്?

(കരഞ്ഞുകലങ്ങിയതാണ്, കാഴ്ച മങ്ങിയതാണ്, നിർവികാരങ്ങളും നിർജീവവുമാണ്, പ്രസന്നമാണ്)

(c) ''അടഞ്ഞ കൺ നമ്മൾ തുറന്നിടുംമുൻപദ്ദീപമേകുന്നു കൊളുത്തി വീണ്ടും"

(i) ഏതു ദീപമാണ് വീണ്ടും കൊളുത്തി നൽകുന്നത്?

(ചന്ദ്രൻ, സൂര്യൻ, നിലവിളക്ക്, വിവേകം)

(ii) 'ഇരുട്ട് തല്ക്കാലത്തേയ്ക്ക് അകറ്റുന്നത്' എങ്ങനെ?

(മെഴുക് തിരികൾ കൊണ്ട്, നക്ഷത്രക്കൂട്ടങ്ങൾ കൊണ്ട്, വിജ്ഞാനം കൊണ്ട്, മിന്നാമിനുങ്ങുകളെ കൊണ്ട്)

(iii) 'അടഞ്ഞ കൺ നമ്മൾ തുറന്നിട്ടും മുൻപ്' എന്നതുകൊണ്ട് കവിതയിൽ അർത്ഥമാക്കുന്നത് എന്ത്?

(വീണ്ടും ജനിക്കുന്നത്, ഉറങ്ങിയെഴുന്നേൽക്കുന്നത്, ഉറങ്ങാതെ എഴുന്നേൽക്കുന്നത്, ധ്യാനത്തിൽ ഇരിക്കുന്നത്)

(iv) 'കൊളുത്തുക' എന്ന പദത്തിന്റെ നാനാർത്ഥം ഏത്?

(എടുക്കുക, അയക്കുക, ഉടക്കുക, ഉറങ്ങുക)

(d) "കർത്താർ സിങ്ങിന്റെ ഈ വാക്കുകൾ വളരെ സെന്റിമെന്റിലായി തോന്നിയേക്കാം. എന്നാൽ അയാളുടെ ആത്മാർപ്പണം എനിക്ക് വിലപ്പെട്ടതായി തോന്നി."

(i) എന്തായിരുന്നു കർത്താർ സിങ്ങിന്റെ ആത്മാർപ്പണം?

(ടാക്സിജോലി സ്വീകരിച്ചത്, അമ്മയെ സംരക്ഷിക്കുന്നതിനുവേണ്ടി വിവാഹം കഴിക്കാതിരുന്നത്, പഠനം ഉപേക്ഷിച്ചത്, ഇന്ത്യയിലേക്ക് പോന്നത്)

(ii) ജീവിതഭദ്രത നൽകുന്നതായി അയാളുടെ പക്കലുണ്ടായിരുന്ന അനുഗ്രഹങ്ങൾ എന്തായിരുന്നു?

(ഡിഗ്രി സർട്ടിഫിക്കറ്റുകൾ, ബാങ്ക് നിക്ഷേപം, ബലിഷ്ഠമായ കൈകളും പതറാത്ത മനസ്സും, സ്നേഹസമ്പന്നരായ കുടുംബാംഗങ്ങൾ)

(iii) കർത്താർ സിങ്ങിന്റെ മനസ്സിന്റെ ദാർഢ്യം എവിടെ നിന്ന് ലഭിച്ചതാണ്?

(സ്വാതന്ത്ര്യസമരത്തിൽ നിന്ന്, തത്ത്വചിന്തയിൽ നിന്ന്, അമ്മയുടെ സ്നേഹത്തിൽ നിന്ന്, അച്ഛന്റെ ഉപദേശത്തിൽ നിന്ന്)

(iv) ഏതു പദവിയാണ് വീണ്ടും ജീവിക്കാൻ അയാൾക്ക് അവസരം നൽകിയത്?

(ടാക്സി ഡ്രൈവർ, ബിരുദധാരി, പണക്കാരൻ, കഠിനാധ്വാനി)

(e) "ഇത്രയും ഹൃദയഹാരിയായ കാഴ്ച ഗഗനസഞ്ചാരികളായ മാലാഖമാർ മാത്രമേ കണ്ടിട്ടുണ്ടാവുകയുള്ളു."

(i) ആരാണ് ഇങ്ങനെ എഴുതിയത്?

(വാഷിങ്ടൺ, ഡേവിഡ് ലിവിങ്സ്റ്റൺ, പി. ഭാസ്കരൻ, ഉള്ളൂർ)

(ii) എന്താണ് ഹൃദയഹാരിയായ കാഴ്ച?

(സാംബസി നദിയുടെ വിസ്തൃതി, വിക്ടോറിയാ വെള്ളച്ചാട്ടത്തിന്റെ സൗന്ദര്യം, സിംബാബ് വേയുടെ പ്രകൃതിഭംഗി, സാംബിയയിലെ സമതലങ്ങൾ)

(iii) 'മോസി ഒ ആ ടുന്യാ' എന്ന പേരിന്റെ അർത്ഥമെന്ത്?

(ശബ്ദമുള്ള പുകയുള്ളിടം, മഴവില്ലുകൾ ഉള്ള ഇടം, മഴയും ഇടിമുഴക്കവും, വെള്ളച്ചാട്ടത്തിന്റെ മുഴക്കം)

(iv) ഏത് കൃതിയിലുള്ളതാണ് ഈ വരികൾ?

(നല്ല ഹൈമവതഭൂവിൽ, ഒരു ആഫ്രിക്കൻ യാത്ര, താരഹാരം, ഒരു ദേശത്തിന്റെ കഥ)

## SECTION – B / ബി വിഭാഗം

**5. (a) പ്രയോഗം മാറ്റുക.** **(2x1=2)**

(i) പൊറ്റെക്കാട്ട് ഇതേ അനുഭവം വിവരിക്കുന്നുണ്ട്.

(ii) ആ ടാക്സി ഡ്രൈവറെ ഞങ്ങൾ അത്ര ശ്രദ്ധിച്ചില്ല.

**(b) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക. (2x1=2)**

(i) ഒരു ദിവസം ചെമ്പൂരിലേക്കുള്ള യാത്രയ്ക്ക് ഞാൻ ഒരുങ്ങി നിൽക്കുമ്പോൾ ദാമോദർ പറഞ്ഞു.

(ii) വിക്ടോറിയാ വെള്ളച്ചാട്ടത്തിന്റെ വക്കിലെത്തും വരെ സാംബസി നദിയുടെ അവസ്ഥ ഏതാണ്ട് ഇതാണ്.

**(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. (2x1=2)**

(i) എന്റെ ടാക്സി ഡ്രൈവർ നല്ല തറവാട്ടിൽ ജനിച്ച അഭിജാതനായ ഒരു സുന്ദര പുരുഷനാണെന്നു ഞാൻ മനസ്സിലാക്കി.

(ii) സാംബിയയുടെ ഭാഗത്തു നിന്ന് വിക്ടോറിയാ വെള്ളച്ചാട്ടത്തിന്റെ മറക്കാനാവാത്ത അവിസ്മരണീയമായ മറ്റു ദൃശ്യങ്ങൾ ലഭിക്കുന്നു.

**(d) അർഥം മാറാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക. (2x1=2)**

(ii) ജലത്തിന്റെ ഗതി താഴേക്കോ മേലേക്കോ എന്ന മതിഭ്രമം നമ്മിലുണ്ടാക്കുന്നു.

(ii) ഞാൻ എന്റെ കഥ അങ്ങോട്ടും പറഞ്ഞു.

**(e) ഏതെങ്കിലും രണ്ടെണ്ണം, ആശയം വ്യക്തമാകും വിധം വാക്യത്തിൽ പ്രയോഗിക്കുക. (2x1=2)**

(i) അന്തം വിട്ടു പോവുക

(ii) പങ്കുവയ്ക്കുക

(iii) വഴുതി വീഴുക

**6. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (ഓരോന്നിനും 5 മാർക്ക് വീതം)**

(a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. **(5)**

(i) വായനയുടെ പ്രാധാന്യം

(ii) മാതൃഭാഷാപഠനത്തിന്റെ ആവശ്യകത

(b) ശമ്പളം ലഭിക്കാത്തതു മൂലം കഷ്ടപ്പെടുന്ന സർക്കാർ ജീവനക്കാരുടെ ദുരിതാവസ്ഥ ഉദ്യോഗസ്ഥരുടെയും ജനങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടു വരണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഇഷ്ടപ്പെട്ട ഏതെങ്കിലും ഒരു പത്രത്തിന്റെ പത്രാധിപർക്ക് കത്ത് തയ്യാറാക്കുക **(5)**

(c) വഴിയിൽ വീണുകിടന്ന വൃദ്ധന് സ്കൂൾ വിദ്യാർത്ഥികൾ രക്ഷകരായി. വൈദ്യ സഹായവും ഭക്ഷണവും ഏർപ്പാടാക്കിയ വിദ്യാർത്ഥികൾ വൃദ്ധനെ വീട്ടിലെത്തിച്ചു. മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയ വിദ്യാർഥികളെ അധ്യാപകരും സ്കൂൾ അധികാരികളും അനുമോദിച്ചു. ഈ വിഷയങ്ങൾ ഉൾപ്പെടുത്തി ഒരു പത്രവാർത്ത തയ്യാറാക്കുക **(5)**

**7. താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം)**

(a) ഏതെങ്കിലും **ഒരു** ചോദ്യത്തിനു മാത്രം ഉത്തരം എഴുതുക. **(1x3=3)**

(i) "ടാക്സി റോഡരികിൽ ചേർത്തുനിർത്തിച്ചിട്ട് ഞാൻ കൂടി ഫ്രണ്ട് സീറ്റിൽ ഡ്രൈവറുടെ അടുത്ത് സ്ഥലം പിടിച്ചു." വിശദീകരിക്കുക

(ii) വിക്ടോറിയാ വെള്ളച്ചാട്ടത്തിലേക്ക് പതിക്കുമ്പോൾ സാംബസി നദിക്ക് ഉണ്ടാകുന്ന മാറ്റങ്ങൾ എന്തെല്ലാം ?

(b) ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക. **(2x3=6)**

(i) "മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടിട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി" വണ്ടിക്കാരനെ കാളയോട് താരതമ്യപ്പെടുത്താൻ കാരണമെന്ത്?

(ii) "അതായിരിക്കാം പൊരുളാപ്രവൃത്തിക്കജൻ ഹിതം മർത്ത്യനറിഞ്ഞു ചെയ്വോൻ." ഏത് പ്രവൃത്തി? 'അജൻഹിതം അറിഞ്ഞ്' മനുഷ്യൻ ചെയ്യുന്നത് എന്ത്?

(iii) അധ്വാനഭാരം വണ്ടിക്കാരനിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം?

**8. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക.** **(2x3=6)**

(i) ബിലെയുടെ ദാനശീലം വ്യക്തമാക്കുന്ന ബാല്യത്തിലെ ഒരു സംഭവം വിവരിക്കുക.

(ii) നരേന്ദ്രന്റെ കൂർമ്മബുദ്ധിക്ക് നിദാനമായ ഒരു സംഭവം എഴുതുക

(iii) സ്വാമി വിവേകാന്ദന്റെ ജനനത്തെപ്പറ്റി ഒരു കുറിപ്പെഴുതുക

***